# ആത്മാവിന്റെ വെളിപാടുകൾ- പെരുമ്പടവം ശ്രീധരൻ

■ **വിഖ്യാത റഷ്യൻ നോവലിസ്റ്റ് ഫയദോർ ദസ്തയേവ്സ്കിയുടെ ജീവിതം അടിസ്ഥാനമാക്കി പെരുമ്പടവം ശ്രീധരൻ എഴുതിയ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിലെ പത്താം അധ്യായമാണ് ആത്മാവിന്റെ വെളിപാടുകൾ**

## ■ പാഠം - പ്രധാനാശയങ്ങൾ

- പ്രകൃതി വർണ്ണന,സവിശേഷ പ്രയോഗങ്ങൾ
- ദസ്തയേവ്സ്കി തന്റെ ജീവിതത്തെ വിലയിരുത്തുന്നത്
- നോവലിലെ കഥാപാത്രങ്ങൾ ( മേരിയ, ചേട്ടൻ,എമിലി ,പാഷ, അന്ന,സ്റ്റല്ലോവ്സ്കി)
- ആത്മസംഘർഷങ്ങൾ
- ഷെയ്ക്സ്പിയറുടെ വരികളും ദസ്തയേവ്സ്കിയുടെ വരികളുമായുള്ള ബന്ധം
- ഭാര്യ മേരിയയുടെയും ചേട്ടന്റെയും മരണം.
- ജീവിതത്തിന്റെ സഹനവും ഭാരവും
- മറ്റുള്ളവർക്കായി പ്രാരാബ്ധങ്ങൾ ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാട്
- സ്നേഹബന്ധങ്ങളോടുള്ള കടപ്പാട്
- ഇയ്യോബിന്റെ ചിന്തകളോട് ദസ്തയേവ്സ്കിയുടെ പ്രതികരണം
- എല്ലാം സഹിക്കാനും പീഢനാനുഭവങ്ങളെ സ്നേഹിക്കാനും ശ്രമിക്കുന്നു.

**?<u>തന്റെ ജീവിതം ഒരു പേക്കിനാവായിത്തീർന്നു എന്ന് കരുതുന്നത് എന്തുകൊണ്ട്</u>**

- ചൂതാട്ട ലഹരി, കുറ്റബോധം,
- പാപബോധത്തിന്റെയും ആത്മപീഡയുടെയും ആഴങ്ങൾ
- ചുഴലി രോഗം, ആത്മസംഘർഷങ്ങൾ
- ആധ്യാത്മിക ചിന്തകൾ
- റഷ്യയിലെ രാഷ്ട്രീയ യാഥാർഥ്യങ്ങളെ ചിത്തഭ്രമത്തിന്റെ രൂപത്തിൽ ആവിഷ്ക്കരിക്കൽ
- ജീവിതത്തിലെയും രാഷ്ട്രീയത്തിലെയും അധാർമികതകൾ
- മനുഷ്യപ്രകൃതിയുടെ വിഭ്രമാത്മകമായ അവസ്ഥ
- പാപത്തിന്റെ ചങ്ങലക്കെട്ടുകൾ, അഭൗമമായ ദുരന്തബോധം
- ജീവിതത്തിലെ കഷ്ടപ്പാടുകൾ തിരസ്കാരങ്ങൾ, തോൽവികൾ,
- ആത്മീയ വ്യസനങ്ങൾ - നോവലിൽ മനശാസ്ത്ര പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു

## ■ ?<u>ദുരന്തങ്ങൾക്കിടയിലും നോവലിസ്റ്റിന്റെ മനസ്സിലേക്ക് കടന്നു വരുന്ന ഹൃദ്യമായ ഓർമകൾ</u>

- 'എപ്പോക്ക് 'എന്ന പ്രസിദ്ധീകരണം -അധോതലക്കുറിപ്പുകൾ
- ഭാര്യ-മേരിയ - ജീവിതം. നല്ല സ്ത്രീ, മേരിയ – തിരിച്ചറിവ്
- ചേട്ടനോടും മേരിയയോടും പകരം വെയ്ക്കാൻ കഴിയാത്ത സ്നേഹബന്ധം
- ഭാര്യയോടുള്ള അഗാധ സ്നേഹം
- ''***വിരഹത്തിലല്ലാതെ ലാവണ്യം സമഗ്രമായ്***
  ***നിരവദ്യമായിട്ടു കാണ്മവാൻ കഴിവീല***'' (**എന്റെ വേളി** - ജി.ശങ്കരക്കുറുപ്പ്) ഈ വരികളുടെ ആശയം

സന്ദർഭവുമായി ബന്ധിപ്പിക്കുക.]

## ■ ? <u>ആ ചരടുകളെല്ലാം കൂടി കെട്ടിപ്പിണഞ്ഞ് ആ കെട്ടുകളിൽ കിടന്ന് എന്റെ ജീവിതം പിടയുന്നു - ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥയുമായുള്ള ബന്ധം</u>

- ചേട്ടന്റെ കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യത

- എമിലി വരുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ ( എമിലി ,മക്കൾ, സംരക്ഷണം)
- മകൻ പാഷയുടെ സ്വഭാവദൂഷ്യം
- സ്റ്റല്ലോവ്സ്കി (പ്രസാധകൻ) മായുള്ള കരാർ
- കൂടെക്കൂടെ ഉണ്ടാകുന്ന ചുഴലിയിളക്കം
- അന്ന (സ്റ്റേനോഗ്രാഫർ)യുടെ സാന്നിധ്യം നഷ്ടമാവുമോ എന്ന ചിന്ത
- എഴുതാനുദ്ദേശിക്കുന്ന മഹത്തായ രചനയെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾ - ഇവയിൽ നിന്ന് പുറത്തു കടക്കാനോ ഒളിച്ചോടാനോ ഹൃദയമുള്ള ഒരാൾക്കും സാധ്യമല്ല, അതോർത്ത് ഹൃദയം വിങ്ങുകയാണ്.

## ■ ? ദസ്തയേവ്സ്കിയുടെ ജീവിത ദർശനം

- ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്. (പാഷ- വഴിവിട്ട ജീവിതം)
- സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥ ജീവിതമാണോ?ആത്മപിഢനിറഞ്ഞ ജീവിതവഴിയിൽ മുന്നോട്ടു പോവുമ്പോൾ ...
- ദൈവവും വിശ്വാസവും വിധിയും മനുഷ്യനുമെല്ലാം നോവലിസ്റ്റിന്റെ ചിന്തയിൽ പല ചോദ്യങ്ങൾ ഉയർത്തുന്നു
- നന്മയുടെ മൂർത്തിയായ ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം, അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടില ബുദ്ധികളുടെ ഇക്കാലത്ത്. -- താൻ പുതുതായി എഴുതാൻ പോവുന്ന നോവലിലൂടെ നന്മയുടെ മൂർത്തിയായ ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയെന്ന ലക്ഷ്യമാണ് തനിക്കുള്ളതെന്ന് ദസ്തയേവ്സ്കി വ്യക്തമാക്കുന്നു.**(നോവൽ - ദ ഇഡിയറ്റ്)**
- ജീവിതാനുഭവങ്ങളിൽ നിന്നുണ്ടാവുന്ന കണ്ടെത്തലുകൾ
- ചുറ്റുപാടിനെയും സ്വന്തം ജീവിതത്തെയും നിശ്ചിതമായ നിരീക്ഷണത്തിന് വിധേയമാക്കുന്നു
- പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള മന:സാന്നിധ്യം
- എല്ലാറ്റിനേയും വ്യത്യസ്തമായി നോക്കി കാണുന്ന പ്രവണത
- എഴുത്തിന്റെ ആന്തരിക ലോകം തുറന്നിടുന്ന പ്രശാന്തി
- എഴുത്തിലൂടെ നന്മയുടെ ലോകം സൃഷ്ടിക്കാനുള്ള ആഗ്രഹം

## ■ ? പ്രയോഗഭംഗി: ആസ്വാദനാംശങ്ങൾ

- പ്രയോഗ ഭംഗികൊണ്ട് നോവലിനെ മിഴിവുറ്റതാക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നോവലിസ്റ്റ് നടത്തിയിട്ടുണ്ട്.
- ആകാശത്തിന്റെ നിഴൽപ്പോലെ ഭൂമിയിൽ വെളിച്ചമുണ്ട്.
  - പ്രഭാതത്തിനു മുമ്പുള്ള അരണ്ട പ്രകാശത്തെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്.
  - ആകാശത്തെയും ഭൂമിയേയും മൂടിക്കിടക്കുന്ന മഞ്ഞിലൂടെ അരിച്ചെത്തുന്ന അരണ്ട വെളിച്ചമായതുകൊണ്ടാണ് ആകാശത്തിന്റെ നിഴൽ എന്നു പ്രയോഗിച്ചിരിക്കുന്നത്
  - പുലർച്ചെയ്ക്ക് മുമ്പുള്ള അരണ്ട വെളിച്ചം നിഴലാവിന്റെ പ്രതീതി ജനിപ്പിക്കുന്നു.
- ■ സമയ കാലങ്ങളുടെ തീരങ്ങൾക്കൊക്കെ അക്കരെ ഏതോ ഒരനാദിയിൽ നിന്ന് യാത്ര തുടരുകയായിരുന്നെന്നാണ് അപ്പോൾ തോന്നിയത്.
- ■ പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ
- ■ വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ
- ■ എഴുത്ത് (സാഹിത്യരചന) ആത്മാവിന്റെ വെളിപാടാണ്.



**Prepared by:**

■ ***Suresh Areekode.HST(Malayalam),GHSS Kuzhimanna,Malappuram,PH:9562521509***

**Visit my *you tube, mukulam malyalam* : for video lessons and more resources.**